പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. T. 213 | 18.02.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**എയർ ആംബുലൻസ് പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.അജിത്**<br>**,, സി.ദിവാകരൻ**<br>**,, ജി.എസ്.ജയലാൽ**<br>**,, ഇ.കെ.വിജയൻ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | എയർ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി സ്വകാര്യ പങ്കാളിത്തം തേടിയിട്ടുണ്ടോ; | എ) | എയർ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടില്ല.പ്രസ്തുത പദ്ധതിക്കായി സ്വകാര്യ പങ്കാളിത്തം തേടിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിക്കായി എത്ര വിമാന കമ്പനികൾ അപേക്ഷ നൽകി;പദ്ധതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യക്തമാക്കുമോ; | ബി) | എയർ ആംബുലൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താത്പര്യപത്രം ക്ഷണിക്കുകയും അതിൽ ഏഴ് കമ്പനികൾ താത്പര്യപത്രം സമർപ്പിക്കുകയും ചെയ്തു. കേരളത്തിലെ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സ്വകാര്യ ആശുപത്രികളും സർക്കാർ ആശുപത്രികളും ചേർന്ന് ഒരു കൺസോർഷ്യം ഉണ്ടാക്കുകയും ഇവരുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഒരു കരാറിൽ ഏർപ്പെടുകയും, കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രസ്തുത കരാർ പ്രകാരം ടെണ്ടർ വിളിച്ച് പ്രസ്തുത വിമാനകമ്പനികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുന്നവരെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിശ്ചയിച്ച് അവരുമായി ഒരു കരാറിൽ ഏർപ്പെട്ട് പ്രവർത്തിക്കുവാനായാണ് വിഭാവനം ചെയ്തിരുന്നത്. |
| സി) | പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിയിട്ടുള്ളത്ആർക്കാണ്; | സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 14.10.2015 ാം തീയതിയിൽ അവയവ മാറ്റ ശസ്ത്രക്രിയ നടത്തുന്ന സ്വകാര്യ ആശുപത്രി മേധാവികളുടെ ഒരു യോഗം |

| | | | |
|---|---|---|---|
| | പദ്ധതി യഥാസമയം ആരംഭി ക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കുമോ? | | വിളിക്കുകയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. അതിനുശേഷം സ്വകാര്യ ആശുപത്രികളെ കത്തു മുഖാന്തരം പദ്ധതിയിൽ ചേർന്ന് പ്രവർത്തിപ്പിക്കാനുള്ള താത്പര്യം അറിയിക്കുവാനായി ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഭൂരിഭാഗം ആശുപത്രികളും പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കാനുള്ള താത്പര്യം പ്രകടമാക്കിയില്ല. അതിനാൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മറ്റു വഴികൾ ആരായുകയും തത്ഫലമായി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി യെ സമീപിക്കുകയും ചെയ്തു. 14.01.16 ാം തീയതിയിൽ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി മേധാവിയും ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറിയും ആരോഗ്യവകുപ്പ് സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ചേർന്ന് ഒരു യോഗം നടത്തുകയും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി പരിശീലന പറക്കലിനായി ഉപയോഗിക്കുന്ന അവരുടെ വിമാനങ്ങൾ ഉപയോഗിച്ച് വളരെ കുറഞ്ഞ ചിലവിൽ ഫലപ്രദമായി പ്രസ്തുത പദ്ധതി നടത്താമെന്ന് സമ്മതിക്കുകയും ചെയ്തു. അതിലേക്കായി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി ഒരു കരട് ധാരണാപത്രം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണ നയിലാണ്. |

സെക്ഷൻ ഓഫീസർ